LIBRARY ARCHIVES Kerala Legislative Assembly

പുതുതായി അനുവദിച്ച അംഗൻവാടികൾ

315(3602) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി അംഗൻവാടികൾ എത്രയെണ്ണം അനുവദിച്ചിട്ടുണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത അംഗൻവാടികൾക്കും നിലവിലുള്ള അംഗൻവാടികൾക്കും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ഈ വർഷം കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്ന് പറയാമോ ;

(സി) ഇതിൽ അനുവദിച്ച തുക എത്രയാണെന്നും വിനിയോഗിച്ച തുക എത്രയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 329 അങ്കണവാടികൾ അനുവദിക്കുന്നതിനായി അങ്കണവാടി ഓൺ ഡിമാന്റിൽ കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും 203 എണ്ണം അനുവദിക്കുകയും ചെയ്തു. ആയത് വിഭജിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പുതിയതായി അനുവദിച്ച അങ്കണവാടികൾക്കും നിലവിലുള്ള അങ്കണവാടികൾക്കും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ഈ വർഷം സംസ്ഥാന പദ്ധതിയിൽ 65.5249 കോടി രൂപയും കേന്ദ്ര പദ്ധതിയിൽ 22.2525 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

അങ്കമാലി പാറക്കടവ് അംഗൻവാടി

316(3603) ശ്രീ. ജോസ് തെറ്റയിൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന 47-ാം നമ്പർ അംഗൻവാടിയെ മാതൃകാ അംഗൻവാടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചുകൊണ്ടുള്ള അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) അങ്കമാലി നിയോജക മണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന 47-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച അപേക്ഷയിന്മേൽ, ടി അങ്കണവാടി നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, പ്ലാൻ സ്കെച്ച് എന്നിവ ലഭ്യമാക്കുന്നതിനും സ്ഥലം അളന്ന് തിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സംരക്ഷണം

317 (3604) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക അതിക്രമങ്ങൾക്ക് ഇരയായവരെ സംരക്ഷിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഇത്തരം ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ പുതിയ സംവിധാനങ്ങൾ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്ന വനിതകളെ സംരക്ഷിക്കുന്നത് നിലവിലുള്ള നിയമമാണ് ഗാർഹിക പീഡനത്തിൽനിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം, 2005. ടി നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിൽ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ 101 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളും നിലവിലുണ്ട്. ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്നവർക്ക് ടി സെന്ററുകളിൽ പ്രവർത്തിക്കുന്ന വനിതാ അഡ്വക്കേറ്റ്മാരായ ലീഗൽ കൗൺസിലേഴ്സ് മുഖേനയും ക്ലിനിക്കൽ സൈക്കോളജിസ്റ്റ് മുഖേനയും കൗൺസിലിംഗ്, നിയമ സഹായം, വൈദ്യസഹായം എന്നിവ നൽകുന്നുണ്ട്. ഗാർഹിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് കേരള വനിതാ കമ്മീഷനിൽ നിന്നും നിയമോപദേശവും നിയമാനുസൃതമായ